**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**2–ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6120

28.10.2011ൽ ബഹുമാനപ്പെട്ട ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മറുപടി നൽകേണ്ടത്

| മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ | | |
|---|---|---|
| | **ചോദ്യം**<br>**ശ്രീ. വി.ചെന്താമരാക്ഷൻ** | **ഉത്തരം**<br>**ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകളെ കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചതായി അറിയാമോ; വിശദാംശം വ്യക്തമാക്കുമോ; | അറിയാം. ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ധനകാര്യ വകുപ്പ് റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണറായിരുന്ന ശ്യാമളാ ഗോപിനാഥ് ചെയർമാനായി കമ്മിറ്റിയെ നിയോഗിച്ചിരുന്നതും ടി കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് മഹിളാ പ്രധാൻ ഏജന്റുമാരെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിൽ മറ്റ് നിർദ്ദേശങ്ങൾക്കൊപ്പം മഹിളാ പ്രധാൻ ഏജന്റുമാരുടെ നിലവിലുള്ള കമ്മീഷൻ 4%-ത്തിൽ നിന്ന് ഘട്ടംഘട്ടമായി 1% ആയി കുറയ്ക്കണമെന്ന നിർദ്ദേശവും ഉൾപ്പെട്ടിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചാൽ ആയത് ഏജന്റുമാരെ ദോഷകരമായി ബാധിക്കുന്നതായിരിക്കും. |
| (സി) | മഹിളാ പ്രധാൻ ഏജന്റുമാർക്ക് നിലവിൽ നൽകികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ അതേപടി തുടരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | കേന്ദ്ര സർക്കാർ മേൽ റിപ്പോർട്ടിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഏജന്റുമാർക്ക് ദോഷകരമായ നടപടി സ്വീകരിച്ചാൽ അത് തിരുത്താൻ ആവശ്യപ്പെടും. |

Sreena Nagar

സെക്ഷൻ ഓഫീസർ